10/01/22

DESPATCHED
On...27/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2671*(2)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **19489**/*എസ്.ഐ.സി-ജി 6/2015*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ശശീന്ദ്രൻ എം.,
പുതിയപുരയിൽ വീട്, കടമ്പേരി,
കാനൂൽ പി.ഒ. കല്ല്യാശ്ശേരി, കണ്ണൂർ – 670 562. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ,
ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്,
കണ്ണൂർ.

2. അപ്പീൽ അധികാരി&
മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ,
കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.03.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16.03.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09.12.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 10.12.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.12.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 31.12.2015 |
| ഹിയറിംഗ് നടന്ന തീയതി | 28.12.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ശശീന്ദ്രൻ എം., 29.12.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 31.12.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2671(2)/15/SIC** ആയി ഫയലിൽ സ്വീക രിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാ ണ്.

3. അപ്പീൽ ഹർജിക്കാരൻ 07.03.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 14.06.1982 മുതൽ ലാസ്റ്റ് ഗ്രേഡ്/ഫുൾടൈം/താല്ക്കാലിക ഒഴിവിലേയ്ക്ക് എത്രപേർക്ക് നിയമനം കൊടുത്തിട്ടുണ്ടെന്നും അതിൽ ആർക്കെങ്കിലും ഒന്നിൽ കൂടുതൽ തവണ നിയമനം നൽകിയിട്ടുണ്ടോയെന്നും അവർ ആരൊക്കെയാണെന്നും 14.06.1982 മുതൽ ലാസ്റ്റ് ഗ്രേഡ്/പാർട്ട്ടൈം സ്വീപ്പർ ഒഴിവിലേയ്ക്ക് എത്ര പേർക്ക് നിയമനം കൊടുത്തിട്ടുണ്ടെന്നും അതിൽ ആർക്കെങ്കിലും സീനി യോറിറ്റി മറികടന്ന് നിയമനം കൊടുത്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആർക്കൊക്കെയാണെന്നുമാണ്. ആയതിന് 16.03.2013ന് നൽകിയ മറുപടി യിൽ പ്രസ്താവിച്ചിരിക്കുന്നത്, 14.06.1982 മുതൽ 2010വരെ കാലയളവിലെ ലാസ്റ്റ് ഗ്രേഡ്/ഫുൾടൈം താൽക്കാലിക ഒഴിവിലേയ്ക്ക് നിയമനം നടത്തിയ പ്രസക്ത രേഖകൾ ഇപ്പോൾ ലഭ്യമല്ലെന്നും 2010ന് ശേഷമുള്ള ടിയാൻ ആവ ശ്യപ്പെട്ട വിവരം സഞ്ചിത രൂപത്തിൽ ടി ഓഫീസിൽ സൂക്ഷിച്ചിട്ടില്ലാത്തതി നാൽ പ്രസ്തുത കാലയളവിലെ ലാസ്റ്റ് ഗ്രേഡ് ഫുൾടൈം/താല്ക്കാലിക തസ്തികയിലെ നിയമന നടപടികൾ/വിവരങ്ങൾ റിക്കാർഡുകളിൽ നിന്നും ഓഫീസിൽ നേരിട്ട് ഹാജരായി നിയമാനുസൃതം ശേഖരിക്കാവുന്നതും വിവ രാവകാശ നിയമപ്രകാരം ആദ്യത്തെ ഒരു മണിക്കൂർ സൗജന്യവും അതിന്റെ

അംശങ്ങൾക്ക് 10/ രൂപ വീതവും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി തുക ഒടുക്കണമെന്നാണ്. 1998വരെയുള്ള ലാസ്റ്റ് ഗ്രേഡ്/പാർട്ട്ടൈം സ്ഥിരം സ്വീപ്പർ സംബന്ധിച്ച റിക്കാർഡുകൾ നിയമാനുസൃതം നശിപ്പിച്ചതിനാൽ 1982 മുതൽ 1998വരെയുള്ള കാലയളവിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമല്ലെന്നും 1999 മുതൽ 2012 വരെ കാലയളവിലെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സഞ്ചിത രൂപത്തിൽ ടി ഓഫീസിൽ സൂക്ഷിച്ചിട്ടില്ലാത്തിനാൽ പ്രസ്തുത കാലയളവിലെ വിവരങ്ങളും മേൽപ്പറഞ്ഞ രീതിയിൽ ഫീസടച്ച് ശേഖരിക്കാമെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 10.12.2015ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരൻ അപ്പീൽ അധികാരിയായ കോഴിക്കോട് എംപ്ലോയ്മെന്റ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ച് വിശദമായി പരിശോധിച്ചതിൽ, ടിയാൻ 07.03.2010ന് കണ്ണൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എസ്.പി.ഐ.ഒ. മുമ്പാകെ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ സമർപ്പിക്കുന്നു എന്നാണ് ബോധിപ്പിച്ചതെങ്കിലും പ്രസ്തുത അപ്പീലിനോടാപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നത് ടിയാൻ 07.03.2013ന് കണ്ണൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച അപേക്ഷയുടെയും ആയതിന് കണ്ണൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എസ്.പി.ഐ.ഒ. 16.03.2013ൻ നൽകിയ മറുപടികളുടെയും പകർപ്പുകളാണ്. 2005ലെ വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൽ വിവരങ്ങൾ പൂർണ്ണമല്ലാതിരിക്കുമ്പോഴും ലഭിച്ച മറുപടിയെക്കുറിച്ച് ആക്ഷേപമുണ്ടാകുമ്പോഴും വിവരാവകാശ നിയമം 19(1) പ്രകാരം അപ്പീൽ സമർപ്പാവുന്നതാണെന്നും നിശ്ചിത സമയപരിധിക്കുശേഷം സമർപ്പിക്കുന്ന ഒന്നാം അപ്പീലുകളിൽ കാലതാമസം ന്യായീകരിക്കുന്നതിന് വ്യക്തമായ കാര്യങ്ങളുണ്ടെന്ന് അപ്പീൽ അധികാരിയെ ബോധ്യപ്പെടുത്തേണ്ട ചുമതല ബന്ധപ്പെട്ട അപ്പീൽ ഹർജിക്കാരനുണ്ടെന്നും അപ്പീൽ ഹർജി സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം സംബന്ധിച്ച യാതൊരു വിശദാംശങ്ങളും ഹർജിക്കാരൻ അപ്പീൽ ഹർജിയിൽ രേഖപ്പെടുത്തിയിരുന്നില്ലെന്നും ടി കാരണങ്ങളാൽ 16.03.2013ന് കണ്ണൂർ ജില്ലാ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എസ്.പി.ഐ.ഒ. നൽകിയ വിവരങ്ങൾക്ക് ലഭിച്ച മറുപടിക്ക് 09.12.2015 തീയതിവച്ച് സമർപ്പിച്ച അപ്പീൽ ഹർജി പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിച്ച് ഉത്തരവാകുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് കൃത്യവും സ്പഷ്ടവുമല്ലാത്ത മറുപടിയാണ് നൽകിയതെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും 25.01.2016ലെ രണ്ടാം എതിർകക്ഷിയുടെ റിപ്പോർട്ടും പരിശോധിച്ചതിൽ, പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)